(സി) സർക്കാർ ഉത്തരവ് (സാധാരണ) 2532/2005/എൽ.എസ്.ജി.ഡി/ 27-6-2005 പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയറെ നിയമിച്ചിട്ടുണ്ട്. മറ്റു ജീവനക്കാരെ നിയമിക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പൊതുമരാമത്തു/ജലവിഭവ വകുപ്പുകളിൽ നിന്നും ജീവനക്കാരെ ഇനിയും തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യസിക്കാനുണ്ട്. അതിന്റെ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. പുനർവിന്യസിച്ചു കഴിഞ്ഞാലുടൻ എഞ്ചിനീയർമാരില്ലാത്ത പഞ്ചായത്തുകളിൽ നിയമിക്കുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി പിരിവ്

119. [886] ശ്രീ. റോഷി അഗസ്റ്റിൻ :

,, ശ്രീ. കെ. നാരായണക്കുറുപ്പ് :

,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതരസ്ഥാപനങ്ങളിൽ നിന്ന് കഴിഞ്ഞ നാലുവർഷ കാലയളവിൽ നികുതിയിനത്തിൽ എത്ര രൂപ പിരിഞ്ഞു കിട്ടാനുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം മാത്രം വിവിധ നികുതിയിനത്തിൽ എത്ര രൂപ കിട്ടാനുണ്ടെന്ന് അറിയിക്കാമോ ;

(സി) നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ജപ്തി നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലവിൽ അധികാരമുണ്ടോ ; ഇല്ലെങ്കിൽ അത് വ്യവസ്ഥ ചെയ്യുന്ന നിയമം കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) നികുതിയടയ്ക്കാൻ മനഃപൂർവ്വം വിമുഖത കാട്ടുന്ന സ്ഥാപനങ്ങളിൽ അത് പിരിച്ചെടുക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഉണ്ട്.

(ഡി) നിലവിലുള്ള നിയമം അനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly